30
2025
ജനുവരി
വ്യാഴം
മകരം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.64 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-64 പേജ് 4. വില 2.00 രൂപ




02 ടെക്സ്റ്റൈൽ മേഖലയിൽ കൂടുതൽ നിക്ഷേപമുണ്ടാകണം : മന്ത്രി പി രാജീവ്

03 ഉന്നത വിദ്യാഭ്യാസ മേഖലയിൽ രണ്ട് മികവിന്റെ കേന്ദ്രങ്ങൾ: ഉദ്ഘാടനം 30ന്

04 നെൻമാറ ഇരട്ടക്കൊലപാതകം; ചെന്താമര പിടിയിൽ

# വിഴിഞ്ഞത്ത് പ്രത്യേക സാമ്പത്തിക മേഖല വികസിപ്പിക്കാൻ അഡാനി

തിരുവനന്തപുരം: മുന്ദ്ര തുറമുഖത്തിന്റെ മാതൃകയിൽ വിഴിഞ്ഞത്ത് പ്രത്യേക സാമ്പത്തിക മേഖല (സെസ്) വികസിപ്പിക്കാൻ പദ്ധതിയുണ്ടെന്ന് അഡാനി പോർട്സ് സെസ് കണ്ടെയ്നർ ബിസിനസ് മേധാവി ഹരികൃഷ്ണൻ സുന്ദരം പറഞ്ഞു. വിഴിഞ്ഞം കോൺക്ലേവിന്റെ രണ്ടാം ദിനത്തിൽ 'തുറമുഖത്തിനപ്പുറം: വിഴിഞ്ഞം കേരളത്തെ ആഗോള സാമ്പത്തിക ശക്തികേന്ദ്രമാക്കി മാറ്റുന്നു' എന്ന സെഷനിൽ സംസാരിക്കുകായിരുന്നു അദ്ദേഹം.



തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനത്തിന് ഒരു വ്യാവസായിക ആവാസവ്യവസ്ഥ സജ്ജമാക്കേണ്ടത് വളരെ അവശ്യമാണ്. ഇന്ത്യയിലെ ഒരു തുറമുഖവും പ്രവർത്തനമാരംഭിച്ച ആദ്യ വർഷത്തിനുള്ളിൽ ഒരു ദശലക്ഷം ടിഇയു കൈകാര്യം ചെയ്തിട്ടില്ല. ഇത് വിഴിഞ്ഞത്തിന്റെ അപാരമായ സാധ്യതകളാണ് തുറന്നുകാട്ടുന്നത്. ജെബൽ അലി തുറമുഖം യുഎഇയുടെ വളർച്ചയ്ക്ക് ഊർജ്ജമേകിയത് പോലെ, കേരളത്തിന് സാമ്പത്തിക വ്യവസായിക വളർച്ചയ്ക്ക് വിഴിഞ്ഞം ഉത്പ്രേകരമാകും. വിഴിഞ്ഞത്തിന്റെ വളർച്ച സുഗമമാക്കുന്നതിന്, ടജ്ഞദകൾ, ലോജിസ്റ്റിക്സ് ഹബ്ബുകൾ, വെയർ ഹൗസുകൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ അഡാനി പോർട്ട്സ് ലക്ഷ്യമിടുന്നു.

റോഡ്, റെയിൽ, ഉൾനാടൻ ജലപാതകൾ വഴി കേരളത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് മൾട്ടി മോഡൽ കണക്റ്റിവിറ്റിയുടെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇതിനായി ഗവൺമെന്റ് സഹകരണം ആവശ്യമാണ്.

മികച്ച കണക്റ്റിവിറ്റി തടസ്സമില്ലാത്ത വ്യാപാര പ്രവർത്തനങ്ങൾ ഉറപ്പാക്കുമെന്നും അത് വലിയ സാമ്പത്തിക നേട്ടങ്ങളിലേക്ക് നയിക്കുകയും ചെയ്യുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.വിഴിഞ്ഞം തുറമുഖത്തിന്റെ ഊർജ ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷി കേരളത്തിനുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ പറഞ്ഞു. ജലാധിഷ്ഠിത ഊർജ സ്രോതസ്സുകളിൽ സംസ്ഥാനം ആശ്രയിക്കുന്നതും സൗരോർജ്ജത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതും സുസ്ഥിരതയിലേക്കുള്ള പ്രധാന ചുവടുകളായി അദ്ദേഹം എടുത്തുപറഞ്ഞു.

പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളിൽ നിന്ന് അതിവേഗം കരകയറിയ കേരളത്തിന്റെ സാമ്പത്തിക പ്രതിരോധത്തെ ഷറാഫ് ഗ്രൂപ്പ് സിഇഒ ശ്യാം കപൂർ അഭിനന്ദിച്ചു. നിക്ഷേപവും സാമ്പത്തിക വിപുലീകരണവും ആകർഷിക്കുന്നതിനായി യുഎഇ മാതൃകയിൽ വിദേശ നിവാസികൾക്കും നിക്ഷേപകരോടും കേരളം കൂടുതൽ തുറന്ന നയം സ്വീകരിക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

യുഎൻ ഗ്ലോബൽ കോംപാക്റ്റ് നെറ്റ്വർക്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ രത്നേഷ് ഝാ, പരിസ്ഥിതി & ഐടി സെക്രട്ടറി രത്തൻ യു ഖേൽക്കർ, ക്യാപ്റ്റൻ അമ്രേഷ് കുമാർ ഝാ തുടങ്ങിയവർ പങ്കെടുത്തു.

കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. ഹരികൃഷ്ണൻ സെഷൻ നിയന്ത്രിച്ചു.

# വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബാകും

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. തിരുവനന്തപുരത്ത് നടന്ന ദ്വിദിന വിഴിഞ്ഞം അന്താരാഷ്ട്ര കോൺക്ളേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.



വിഴിഞ്ഞം കോൺക്ലേവ് സമാപന സമ്മേളനത്തിൽ മന്ത്രി വി.ശിവൻകുട്ടി സംസാരിക്കുന്നു. എപിഎം മുഹമ്മദ് ഹനീഷ്, മന്ത്രിമാരായ വി.എൻ വാസവൻ സ പി.രാജീവ്, ദിവ്യ എസ്. അയ്യർ, എസ്. എൻ. രഘുചന്ദ്രൻ നായർ, പ്രദീപ് ജയരാമൻ എന്നിവർ സമീപം

വല്ലാർപാടം കണ്ടെയ്നർ ടെർമിനലും വിഴിഞ്ഞം തുറമുഖവും മറ്റ് 17 ഓളം ചെറിയ തുറമുഖങ്ങളും ചേരുന്നതോടെ കേരളം സൗത്ത് ഏഷ്യയിലെ തുറമുഖങ്ങളുടെ നായകനായി മാറും. ആഗോള വിതരണശൃംഖലയിൽ വല്ലാർപാടവും വിഴിഞ്ഞവും കേരളത്തിന് ഇരട്ടിക്കരുത്തേകും.വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടം പൂർത്തിയാകുന്നതോടെ കേരളം സുസ്ഥിര പരിസ്ഥിതി സൗഹാർദ്ദ വികസനത്തിന് ലോക മാതൃകയായി മാറും. വിഴിഞ്ഞത്തേക്കുള്ള ചരക്ക് നീക്കത്തിന്റെ കണക്ടിവിറ്റിയിൽ വ്യാവസായികൾക്കുള്ള ആശങ്കകൾ പരിഹരിക്കാൻ വിഴിഞ്ഞത്തേക്ക് റെയിൽ - റോഡ് കണക്ടവിറ്റി ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബാലരാമപുരത്ത് നിന്നും വിഴിഞ്ഞം തുറമുഖത്തേക്കുള്ള 10 കിലോ മീറ്റർ പോർട്ട് റെയിൽ ടണൽ ടെർമിനൽ നാലുവർഷത്തിനകം യാഥാർത്ഥ്യമാകുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. ഇത് ലോഡിംഗ് ആൻഡ് അൺലോഡിംഗ് അടക്കമുള്ള ചരക്കുനീക്കം സുഗമമാക്കും.

കൂടാതെ വിഴിഞ്ഞം തുറമുഖത്ത് നിന്നും ദേശീയ പാത 66ലേക്കുള്ള കണക്ടിവിറ്റി രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കും. ഇത് സംബന്ധിച്ച് ദേശീയപാതാ അതോറിട്ടിയുമായി സംസാരിച്ച് ധാരണയിലെത്തിയിട്ടുണ്ട്. അതുവരെ എൻ.എച്ച് -66ലേക്ക് താത്കാലിക ഗതാഗതത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തീരുമാനമായതായും ഇത് സുഗമമായ ചരക്ക് നീക്കത്തിന് സഹായകരമാണെന്നും മന്ത്രി പറഞ്ഞു.

## കുംഭമേളയ്ക്കിടെ 30 പേർ മരിച്ചതായി സ്ഥിരീകരണം; അറുപതിലേറെ പേർക്ക് പരിക്ക്

പ്രയാഗ്‌രാജ്: മൗനി അമാവാസി ചടങ്ങിനിടെ മഹാകുംഭമേളയിലുണ്ടായ തിക്കിലും തിരക്കിലുംപെട്ട് 30 തീർഥാടകർ മരണപ്പെട്ടതായി ഔദ്യോഗിക സ്ഥിരീകരണം. 30 പേർ മരിച്ചതായും അറുപതിലേറെ പേർക്ക് പരിക്കേറ്റതായും ഉത്തർപ്രദേശ് ഡി.ഐ.ജി വൈഭവ് കൃഷ്ണ മാധ്യമങ്ങളോട് പറഞ്ഞു. മരിച്ച 25 പേരെ തിരിച്ചറിഞ്ഞതായും റിപ്പോർട്ടുകളുണ്ട്.

പതിനായിരക്കണക്കിന് ആളുകൾ തടിച്ചുകൂടിയ ത്രിവേണി സംഗമത്തിൽ ബാരിക്കേഡ് തകർന്നതാണ് അപകടത്തിലേക്ക് നയിച്ചത് എന്നാണ് വിവരം. എട്ട് കോടിക്കും പത്ത് കോടിക്കും ഇടയിൽ തീർത്ഥാടകർ ഇന്നത്തെ അമൃത സ്നാനത്തിൽ പങ്കെടുത്തെന്നും ചിലർക്ക് ഗുരുതരമായി പരിക്കേറ്റെന്നും ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നേരത്തെ പറഞ്ഞിരുന്നു.

ബുധനാഴ്ച പുലർച്ചെ 1.30ഓടെയാണ് സംഭവം. മരിച്ചവരുടെയോ പരിക്കേറ്റ ആരുടേയും വിവരങ്ങൾ ഔദ്യോഗികമായി പുറത്തുവന്നിട്ടില്ല. തിരക്കിനിടിയിൽ പ്പെട്ട് നിരവധി സ്ത്രീകൾക്കും കുട്ടികൾക്കും ശ്വാസതടസ്സം അനുഭവപ്പെട്ടതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അപകടമുണ്ടായ ഉടൻ തന്നെ ആംബുലൻസുകൾ അയക്കുകയും ഒട്ടേറെപേരെ ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു.മരിച്ച ഇരുപത്തിയഞ്ച് പേരെ തിരിച്ചറിഞ്ഞു

ദുരന്തത്തിൽ പ്രധാന മന്ത്രി നരേന്ദ്ര മോദി അനുശോചനം അറിയിച്ചു. പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് എത്രയും വേഗം സൗഖ്യം ലഭിക്കട്ടെയെന്നും അദ്ദേഹം പ്രത്യാശിച്ചു.



# വിഴിഞ്ഞം ലോകത്തെ ഒന്നാം നമ്പർ തുറമുഖമായി മാറും : മന്ത്രി പി. രാജീവ്

### വിഴിഞ്ഞം കോൺക്ളേവ് രണ്ടാം എഡിഷൻ അടുത്തവർഷം ജനുവരിയിൽ

തിരുവനന്തപുരം- വിഴിഞ്ഞത്തെ മുഖ്യവ്യവസായങ്ങളെ സംബന്ധിച്ച് സർക്കാർ ധാരണയിലെത്തിയിട്ടുണ്ടെന്നും മാനുഫാക്ചറിംഗ്, ഡിഫൻസ് ആൻഡ് സ്പേസ് പാർക്ക്, ഇലക്ട്രോണിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങി 20 പ്രധാന മേഖലകളിലാണ് വിഴിഞ്ഞം തുറമുഖത്തെ വ്യാപാരം ഫോക്കസ് ചെയ്യുകയെന്നും മന്ത്രി പി. രാജീവ് പറഞ്ഞു. വിഴിഞ്ഞം കോൺക്ളേവിന്റെ സമാപന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ വിവിധഭാഗങ്ങളിലേക്ക് വിഴിഞ്ഞത്ത് നിന്നും റോഡ്, റെയിൽ കണക്ടിവിറ്റി ഉറപ്പാക്കും. വല്ലാർപാടം അടക്കം വലുതും ചെറുതുമായ 18 തുറമുഖങ്ങളെ ഇതിനായി ഉപയോഗിക്കും. വിഴിഞ്ഞം തുറമുഖം ലോകത്തിന് മുന്നിൽ തുറന്ന് വയ്ക്കുന്നത് അനന്തമായ സാധ്യതകളാണെന്നും നിക്ഷേപ താത്പര്യമുള്ള വ്യവസായികൾ യാഥാർത്ഥ്യബോധ്യത്തോടെയുള്ള ധാരണപത്രങ്ങളുമായി വന്നാൽ അതിലൊപ്പു വയ്ക്കാനും മുന്നോട്ട്പോകാനും സംസ്ഥാന സർക്കാർ തയ്യാറാണെന്നും മന്ത്രി പറഞ്ഞു.

വ്യവസായികൾക്ക് എന്തു പ്രതിസന്ധി വന്നാലും സർക്കാരിനെ സമീപിക്കാം. നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് അതിന് കൃത്യമായ പരിഹാരം കാണാനും എല്ലാ നിക്ഷേപകർക്കും ബാധകമാകുന്ന തരത്തിൽ പൊതുവായ നിയമഭേദഗതി വരുത്താനുമൊക്കെ സർക്കാർ സജ്ജമാണ്. വിഴിഞ്ഞം വ്യവസായ ലോകത്തിന് മുന്നിൽ പ്രതീക്ഷകളുടെ പുതിയ കവാടം തുറക്കുകയാണ്. കേരളത്തിന്റെ യൂണിക് സെല്ലിംഗ് പോയിന്റുകൾ തിരിച്ചറിഞ്ഞ് വ്യവസായികൾ ആത്മവിശ്വാസത്തോടെ നിക്ഷേപത്തിനായി മുന്നോട്ട് വരണം.

തെക്ക് നിന്ന് വടക്കോട്ട് നോക്കിയാലറിയാം കേരളത്തിലൊരിത്തിരി സ്ഥലം പോലും വെറുതേ കിടക്കുന്നില്ലെന്ന്. മറ്റ് സംസ്ഥാനങ്ങളിൽ അങ്ങനെയല്ല സ്ഥിതി. ഓരോ സ്ഥാപനങ്ങൾക്ക് ശേഷവും ഏക്കറുകണക്കിന് ഒഴിഞ്ഞ ഇടങ്ങൾ കാണാം. കേരളത്തിന്റെ പർച്ചേസിങ് പവർ വളരെക്കൂടുതലാണ്. ടാറ്റാ മോട്ടോഴ്സിന്റെ 20 ശതമാനം ഇലക്ട്രോണിക് വാഹനങ്ങളാണ് കേരളത്തിൽ വിറ്റഴിഞ്ഞത്. ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സിന്റെ 7-8ശതമാനം കേരളത്തിലാണ് വിൽക്കപ്പെടുന്നത്. ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ പോലും പ്രാദേശികരാണ് കൂടുതൽ. ഇതാണ് വ്യവസായികൾക്കുള്ള കേരളത്തിന്റെ യുഎസ്പി. സംസ്ഥാനത്തിന്റെ ഈ പൊട്ടൻഷ്യൽ ഭാവിയിലെ വളർച്ചയ്ക്കുള്ള ഇന്ധനമാണ്. ഉയർന്ന നൈപുണ്യശേഷിയുള്ള വിദ്യാർത്ഥികളും യുവാക്കളും സംസ്ഥാനത്തിന്റെ മറ്റൊരു മുതൽക്കൂട്ടാണ്. വളർന്നുവരുന്ന വ്യവസായിക ആവശ്യങ്ങൾക്കനുസരിച്ചുള്ള കോഴ്സുകൾ പഠിപ്പിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തയ്യാറാണ്.






ടെക്സ്റ്റൈൽ കോൺക്ലേവ് അപ്പോളോ ഡിമോറ ഹോട്ടലിൽ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുന്നു

# ടെക്സ്റ്റൈൽ മേഖലയിൽ കൂടുതൽ നിക്ഷേപമുണ്ടാകണം : മന്ത്രി പി രാജീവ്

കേരളത്തിലെ ടെക്സ്റ്റൈൽ, കൈത്തറി മേഖലയിൽ കൂടുതൽ നിക്ഷേപം ഉണ്ടാകണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കി സർക്കാർ ഒപ്പമുണ്ടെന്നും വ്യവസായ, കയർ, നിയമ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ടെക്സ്റ്റൈൽ കോൺക്ലേവ് തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ രാജ്യത്ത് ഒന്നാം റാങ്കാണ് കേരളത്തിന്. ഈ ബിസിനസ് അവസരം ടെക്സ്റ്റൈൽ വ്യവസായ സംരംഭങ്ങൾ ഉപയോഗപ്പെടുത്തണം. ടെക്സ്റ്റൈൽ ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. മനുഷ്യന്റെ ഇന്നത്തെ അഭിരുചികൾ മനസിലാക്കി ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടണം. നൂതന ആശയങ്ങളിലൂടെ മേഖലയിൽ ആവശ്യമായ ഉണർവ് നൽകാനാകണമെന്നും മന്ത്രി പറഞ്ഞു.

കേരളം ഹൈടെക്ക് നിർമ്മാണങ്ങളുടെയും വിജ്ഞാനപ്രവർത്തനങ്ങളുടെയും ഹബ്ബായി മാറിക്കൊണ്ടിരിക്കുകയാണ്. വസ്ത്രങ്ങൾ മുതൽ ചിപ്പ് വരെ നമ്മുടെ സംസ്ഥാനത്ത് നിന്നും നിർമ്മിക്കുന്ന സ്ഥിതിയാണ് വരും വർഷങ്ങളിൽ ഉണ്ടാകുന്നത്. ലോകത്തിലെ പ്രമുഖ കമ്പനികൾ കേരളത്തിൽ നിക്ഷേപത്തിനും സംരംഭങ്ങൾ തുടങ്ങുന്നതിനുമായി താൽപ്പര്യം പ്രകടിപ്പിച്ച് വരുന്നുണ്ട്. ടെക്സ്റ്റൈൽ മേഖലയുടെ പുരോഗമനത്തിനായി പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി, വിഴിഞ്ഞം പോർട്ട് എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ടെക്സ്റ്റൈൽ, പരമ്പരാഗത കൈത്തറി മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ കൂടുതലായി നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സംസ്ഥാനത്തെ സംരംഭസൗഹൃദ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.ഫെബ്രുവരി 21നും 22നും കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള സമ്മിറ്റിന് മുന്നോടിയായി സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും സംരംഭക പ്രോത്സാഹനത്തിനും ലക്ഷ്യമിട്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും സംയുക്തമായിട്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. കേരളത്തിലുള്ള ടെക്സ്റ്റൈൽ, ഹാൻഡ്‌ലൂം, പവർലും, വസ്ത്രങ്ങളുടെ കയറ്റുമതിയുള്ള വ്യാപാരികൾ ഉൾപ്പടെ നൂറോളം സംരംഭകർ കോൺക്ലേവിൽ പങ്കെടുത്ത് മന്ത്രിയുമായി ആശയവിനിമയം നടത്തി.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, കെ എസ് ഐ ഡി സി മാനേജിങ് ഡയറക്ടർ എസ്. ഹരികിഷോർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഒ എസ് ഡി വിഷ്ണുരാജ് പി, ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ അനിൽ കുമാർ കെ എസ്, കെ എസ് ഐ ഡി സി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ തുടങ്ങിയവർ പങ്കെടുത്തു.

# കനത്ത ചൂട്, ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകി: മന്ത്രി വീണാ ജോർജ്

## നേരിട്ടുള്ള വെയിൽ കൊള്ളരുത്; നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണം

## വേനൽക്കാല രോഗങ്ങൾക്കെതിരെ കരുതൽ വേണം

സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം. ശരീരത്തിലെ ജല നഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുകയെന്നതാണ് പ്രധാന പ്രതിരോധ മാർഗം. ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യാതപമോ ഉണ്ടാകാനിടയുണ്ട്. വളരെ ഉയർന്ന ശരീര താപനില, വേഗത്തിലുള്ള ഹൃദയമിടിപ്പ്, വറ്റിവരണ്ട ചുവന്ന ചർമ്മം, ശക്തമായ തലവേദന, തലകറക്കം, ഓക്കാനം, ബോധക്ഷയം, കഠിനമായ ക്ഷീണം എന്നിവ തോന്നിയാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുക/ഫാനോ എ.സിയോ ഉപയോഗിക്കുക. ഡോക്ടറെ കാണിച്ച് ചികിത്സ തേടുക.

ചൂട് കുരു, പേശി വലിവ്, ചർമ്മ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂട് കാലത്ത് കൂടുതലായി കാണപ്പെടാറുണ്ട്. ചൂട് കുരു (ഒലമ്‌ ൃമവെ) കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. ചൂട് കുരു ഉണ്ടായാൽ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ എപ്പോഴും ഈർപ്പരഹിതമായി സൂക്ഷിക്കുകയും വേണം.

***ശ്രദ്ധിക്കേണ്ട കാര്യങ്ങൾ***

രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്.

അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.

ദാഹമില്ലെങ്കിലും ധാരാളം വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കുക. യാത്രാ വേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.

തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കുക.

കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.

ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.

വെള്ളം ധാരാളം അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സാലഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക

കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്

ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ പകൽ സമയത്ത് വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക

വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.

ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാവണം.

# സംഘടനാപ്രതിനിധികളുമായി മന്ത്രി കൂടിക്കാഴ്ച നടത്തും

പട്ടികജാതി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത രജിസ്റ്റേഡ് സംഘടനകളുടെ പ്രതിനിധികളുമായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പു മന്ത്രി കൂടിക്കാഴ്ച നടത്തും. 2025 ഫെബ്രുവരി 6-ന് തൈക്കാട് ഗസ്റ്റ് ഹൗസ് ബാങ്ക്വറ്റ് ഹാളിൽ രാവിലെ 10.30ന് നടക്കുന്ന യോഗത്തിൽ സംസ്ഥാനതലത്തിൽ നിയമപരമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സമുദായ സംഘടനകളുടെ ഓരോ പ്രതിനിധിക്ക് പങ്കെടുക്കാം.സംഘടനയുടെ ഔദ്യോഗിക ലെറ്റർപാഡിൽ പങ്കെടുക്കുന്ന പ്രതിനിധിയുടെ പേരു വിവരം, ഫോൺ നമ്പർ എന്നിവ ഫെബ്രുവരി 3-നകം ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ഇ മെയിൽ dirscdd@gmail.com .

# അഭിമുഖം

വയനാട്, സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തുന്നു. എം ബി ബി എസ് യോഗ്യതയും, ടി സി എം സി / കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ (Permanent) രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് അഭിമുഖത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർക്ക് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ (ടടഘഇ & ഡഏ) മാർക്ക് ലിസ്റ്റ് ഉൾപ്പെടെ, പ്രവൃത്തിപരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ഫെബ്രുവരി 11ന് രാവിലെ 11ന് വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം.

# നിഷ്-ൽ ഒഴിവുകൾ

തിരുവനന്തപുരം - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) കോളേജ് ഓഫ് ഒക്യുപേഷണൽ തെറാപ്പിയിൽ ലക്ചറർ, ക്ലിനിക്കൽ സൂപ്പർവൈസർ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഫെബ്രുവരി 5 ആണ്. വിശദ വിവരങ്ങൾക്ക്: http://nish.ac.in/others/career.

# വിദ്യാഭ്യാസ ധനസഹായം

കേരള കർഷക തൊഴിലാളി കേഷമനിധിയിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ മക്കൾക്ക് 2024 അധ്യയന വർഷത്തെ ഉന്നത വിദ്യാഭ്യാസ ധനസഹായത്തിന് ജനുവരി 31 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക്: 0471-2729175, 8547229041.

# അപേക്ഷ ക്ഷണിച്ചു

അസാപ് കേരളയുടെ കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 5 ന് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക്: വേ്േ:/ /csp.asapkerala.gov.in/courses/general-fitness-trainer, ഫോൺ : 9495999693.

# അപേക്ഷാ തീയതി നീട്ടി

സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒബിസി വിഭാഗം വിദ്യാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്ന 'കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി' പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 2025 ഫെബ്രുവരി 10 വരെ ദീർഘിപ്പിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടാവുന്നതാണ്.

# അക്കൗണ്ട്സ് ഓഫീസർ നിയമനം

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഉഅഗ) എന്ന സ്ഥാപനത്തിന്റെ വിവിധ യൂണിറ്റുകളിൽ ഒഴിവുള്ള രണ്ട് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിനായി ഇ. അ. കിലേ്യ യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. തസ്തികയിലേക്ക് പ്രതിമാസം 40,000 രൂപ സഞ്ചിത വേതനമായി നൽകുന്നതാണ്. അപേക്ഷ സ്വയം സാക്ഷ്യപ്പെടുത്തിയ യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം തപാൽ മാർഗ്ഗമോ നേരിട്ടോ അഉഅഗ ഹെഡ് ഓഫീസിൽ ഫെബ്രുവരി 15 നകം ലഭ്യമാക്കണം. അപേക്ഷ അയക്കേണ്ട മേൽവിലാസം : ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) ടിസി. 29/3126, റീജ, മിൻചിൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം 695014. ഫോൺ : 0471 2322410.

# ട്രേഡ് ടെക്നീഷ്യൻ ഒഴിവ്

ബാർട്ടൺഹിൽ സർക്കാർ എൻജിനീയറിങ് കോളേജിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിങ് വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ട്രേഡ് ടെക്നീഷ്യന്റെ താൽക്കാലിക ഒഴിവ് നികത്തുന്നതിലേക്കായി അഭിമുഖം നടത്തും. ടി എച്ച് എസ് എൽ സി / ഐ ടി ഐ / കെ ജി സി ഇ ഇൻ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിങ് ആണ് യോഗ്യത. 2025 ഫെബ്രുവരി 4 രാവിലെ 10 മണിക്ക് തിരുവനന്തപുരം ബർട്ടൺഹിൽ എൻജിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് വിഭാഗ ഓഫീസിൽ നടക്കും.

# അശ്വമേധം 6.0 : കുഷ്ഠരോഗ നിർണയ ഭവന സന്ദർശനം

## സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

കുഷ്ഠരോഗ നിർമാർജന ലക്ഷ്യവുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പയിനിന്റെ ആറാം ഘട്ടം 'അശ്വമേധം 6.0' ദേശീയ കുഷ്ഠരോഗ വിരുദ്ധ ദിനമായ ജനുവരി 30ന് ആരംഭിക്കും. ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ രണ്ടാഴ്ചക്കാലമാണ് ഈ ക്യാമ്പയിന്റെ ഭാഗമായി ഭവന സന്ദർശനം നടത്തുന്നത്. ഇതോടൊപ്പം കുഷ്ഠരോഗ ബോധവത്കരണം ലക്ഷ്യമാക്കി സ്പർശ് ക്യാമ്പയിനും നടത്തുന്നതാണ്. സംസ്ഥാനതല ഉദ്ഘാടനം ജനുവരി 30ന് രാവിലെ 10.30 മണിക്ക് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. വി.കെ. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും.സമൂഹത്തിൽ മറഞ്ഞു കിടക്കുന്ന കുഷ്ഠ രോഗത്തെ ഗൃഹ സന്ദർശനത്തിലൂടെ കണ്ടുപിടിച്ച് രോഗ നിർണയം നടത്തി ചികിത്സ ലഭ്യമാക്കുകയാണ് അശ്വമേധം ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അശ്വമേധം ക്യാമ്പയിനിന്റെ ഭാഗമായി പരിശീലനം ലഭിച്ച ആശാ പ്രവർത്തകയും ഒരു സന്നദ്ധ പ്രവർത്തകനും അടങ്ങുന്ന സംഘം വീടുകളിലെത്തി കുഷ്ഠരോഗ ലക്ഷണങ്ങളുണ്ടോയെന്ന് പരിശോധിക്കുന്നു. സമൂഹത്തിൽ ഇപ്പോഴും കുഷ്ഠ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ പതിനായിരത്തിൽ 0.11 എന്ന നിരക്കിൽ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൂടാതെ കുട്ടികളിലും രോഗം കണ്ടുപിടിക്കപ്പെടുന്നുണ്ട്. 6 മുതൽ 12 മാസം വരെയുള്ള വിവിധ ഔഷധ ചികിത്സയിലൂടെ രോഗം പൂർണമായും ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ പൂർണമായും സൗജന്യമാണ്. ഈ ക്യാമ്പയിനിൽ എല്ലാവരും പങ്കാളികളാകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

മൈക്കോബാക്റ്റീരിയം ലെപ്രെ എന്ന ബാക്ടീരിയ വഴി പകരുന്ന രോഗമാണ് കുഷ്ഠം. വായുവിലൂടെയാണ് ഈ രോഗം പകരുന്നത്. രോഗിയുമായി അടുത്ത ശാരീരിക സമ്പർക്കം വഴിയും രോഗം പകരാൻ സാധ്യതയുണ്ട്. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചാൽ രോഗ ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതിന് മൂന്നു മുതൽ പത്ത് വർഷം വരെ സമയമെടുക്കും. ആരംഭത്തിലേ ചികിത്സിച്ചാൽ കുഷ്ഠരോഗം മൂലമുള്ള വൈകല്യങ്ങൾ തടയുന്നതിനും രോഗപ്പകർച്ച ഇല്ലാതാക്കുന്നതിനും സാധിക്കും.തൊലിപ്പുറത്ത് കാണുന്ന സ്പർശനശേഷി കുറഞ്ഞ നിറം മങ്ങിയതോ ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, ഇത്തരം ഇടങ്ങളിൽ ചൂട്, തണുപ്പ് എന്നിവ അറിയാതിരിക്കുകയോ ചെയ്യുക എന്നിവ കുഷ്ഠ രോഗത്തിന്റെ ലക്ഷണങ്ങളാണ്. നിറം മങ്ങിയതോ കട്ടികൂടിയതോ ആയ ചർമം, തിളങ്ങുന്ന ചർമം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിലെ മരവിപ്പ്, കണ്ണ് അടയ്ക്കാനുള്ള പ്രയാസം തുടങ്ങിയവയും കുഷ്ഠ രോഗത്തിന്റെ ലക്ഷണങ്ങൾ ആകാം.കേരളത്തിൽ 2023-2024 കാലയളവിൽ 407 ആളുകളിൽ പുതിയതായി കുഷ്ഠരോഗം കണ്ടെത്തി വിദഗ്ധ ചികിത്സ ഉറപ്പാക്കി. കുഷ്ഠ രോഗികളോട് യാതൊരുവിധ അവഗണയും കാണിക്കരുത്. രോഗികളെയല്ല, രോഗത്തെയാണ് നാം അകറ്റിനിർത്തേണ്ടത്. സമൂഹത്തിൽ ആർക്കെങ്കിലും ഇനിയും കണ്ടെത്താത്ത കുഷ്ഠ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരംഭത്തിലേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

# വാക് എ തോൺ നടത്തി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) 2025 ലെ മാനേജ്മെന്റ് ഫെസ്റ്റ് അവനീർ 2ഗ25ന്റെ മാനവീയം വീഥിയിൽ നിന്ന് മ്യൂസിയം വരെ വാക് എ തോൺ നടത്തി. വനിതകൾക്ക് സുരക്ഷിതമായ സൈബർ സ്പേസ് എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച വാക്ക് എ തോൺ പരിപാടി കേരള നിയമസഭ സെക്രട്ടറി ഡോ.എൻ.കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) ഡയറക്ടർ ഡോ.രാജേഷ് എസ് പൈങ്ങാവിൽ, ആരൂർധാര ബിസിനസ്സ് മാനേജർ ജോഷ് രാജ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ജനുവരി 31 വെള്ളിയാഴ്ച രാവിലെ 10 മണിക്കാണ് നെയ്യാർഡാമിലെ കിക്മയിൽ വച്ച് മാനേജ്മെന്റ് ഫെസ്റ്റ് അവനീർ 2ഗ25 ആരംഭിക്കുന്നത്.

# ആയുർവേദ തെറാപ്പിസ്റ്റ് ഒഴിവ്

നാഷണൽ ആയുഷ് മിഷൻ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലേക്ക് ആയുർവേദ തെറാപ്പിസ്റ്റ് (മെയിൽ ആന്റ് ഫീമെയിൽ) തസ്തികയിലേക്ക് ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യതയുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ തിരുവനന്തപുരം ആയുർവേദ കോളേജിന് സമീപമുള്ള ആരോഗ്യഭവൻ ബിൽഡിങ്ങിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രോഗ്രാം മാനേജറുടെ ഓഫീസിൽ (നാഷണൽ ആയുഷ് മിഷൻ) നേരിട്ടോ തപാൽ മുഖേനയോ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി ംww.nam.kerala.gov.in സന്ദർശിക്കുക. ഇന്റർവ്യൂ നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജറുടെ ഓഫീസിൽ 2025 ഫെബ്രുവരി 2 ന് നടക്കും.

# പത്തനംതിട്ടയിൽ വിവാഹ വാഗ്ദാനം നൽകി പതിനഞ്ചുകാരിയെ പീഡിപ്പിച്ച് ഗർഭിണിയാക്കി; യുവാവ് അറസ്റ്റിൽ

പത്തനംതിട്ട: വിവാഹ വാഗ്ദാനം നൽകി പതിനഞ്ചുകാരിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ സംഭവത്തിൽ യുവാവ് അറസ്റ്റിൽ. കൊല്ലമുള ചാത്തൻതറ കുറുമ്പൻമൂഴി പുല്ലുപാറക്കൽ വീട്ടിൽ ജിത്തു പ്രകാശ് (19) ആണ് അറസ്റ്റിലായത്.

2024 സെപ്റ്റംബർ 22 ന് കുട്ടിയുടെ വീട്ടിലെ കിടപ്പുമുറിയിൽ വച്ച് ആദ്യം ഇയാൾ പീഡിപ്പിച്ചത്. പിന്നീട് ഒക്ടോബറിലെ ഒരു ദിവസവും പീഡിപ്പിച്ചു. തുടർന്ന് പെൺകുട്ടി ഗർഭിണിയായി. കഴിഞ്ഞ ദിവസമാണ് വെച്ചൂച്ചിറ പോലീസിന് സംഭവത്തെക്കുറിച്ച് വിവരം ലഭിച്ചത്.

മൊഴിയെടുക്കാൻ ശ്രമിച്ചെങ്കിലും ആദ്യം പെൺകുട്ടി വിസമ്മതിച്ചു. പിന്നീട് കൗൺസിലിംഗിന് വിധേയയാക്കിയതിന് ശേഷമാണ് കുട്ടി മൊഴി നൽകിയത്. ശിശുസൗഹൃദ ഇടത്തിൽ വച്ച് വിശദമായി മൊഴിയെടുത്ത പോലീസ്, ജില്ലാ പൊലീസ് മേധാവി വി ജി. വിനോദ് കുമാറിന്റെ നിർദേശപ്രകാരം പ്രതിക്കായി അന്വേഷണം ഊർജമാക്കിയിരുന്നു.

തുടർന്ന് രാത്രി തന്നെ ഇയാളെ കുറുമ്പൻമൂഴിയിൽ നിന്ന് കസ്റ്റഡിയിലെടുത്തു. സ്റ്റേഷനിലെത്തിച്ച് വിശദമായി ചോദ്യം ചെയ്തപ്പോൾ യുവാവ് കുറ്റം സമ്മതിച്ചു, പിന്നീട് അറസ്റ്റ് രേഖപ്പെടുത്തി. മറ്റ് നിയമനടപടികൾക്ക് ശേഷം കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# വനം വന്യജീവി സംഘർഷ ലഘൂകരണത്തിന് എഫ്.എഫ്.ഡബ്ല്യു മിഷൻ: മന്ത്രി എ. കെ. ശശീന്ദ്രൻ

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് വനം വകുപ്പ് നടപ്പിലാക്കുന്ന മിഷൻ എഫ്.എഫ്.ഡബ്ല്യു സമയ ബന്ധിതമായി പൂർത്തിയാക്കുമെന്ന് വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ അറിയിച്ചു. വയനാട് വന്യജീവി ആക്രമണ ഉന്നതതല അവലോകന യോഗത്തിനുശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വനത്തിനുള്ളിലെ കുളങ്ങൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവയിലെ ചെളി നീക്കം ചെയ്തും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ നിർമ്മിച്ചും പരിപാലിച്ചും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത നിലവിൽ ഉറപ്പുവരുത്തുന്നുണ്ട്. മണ്ണിലെ ഈർപ്പം ഇല്ലാതാക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചു നീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷയിനങ്ങൾ നട്ടുപിടിപ്പിക്കുകയെന്നതും ഫീൽഡ് തലത്തിൽ നടപ്പിലാക്കിവരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനുവരി-മെയ് മാസങ്ങളിൽ വനത്തിനുള്ളിൽ ജലലഭ്യതയും ഭക്ഷ്യലഭ്യതയും ഉറപ്പുവരുത്തുന്നതിന് ഒരു പ്രത്യേക യജ്ഞം എന്ന നിലയിലാണ് ങശശൈീ എീീറ, എീററലൃ മിറ ണമലേൃ അഥവാ ങശശൈീ എഎണ എന്ന പേരിൽ മിഷൻ നടപ്പിലാക്കുന്നത്.
ഈ യജ്ഞത്തിന് മൂന്ന് ഘട്ടങ്ങൾ ഉണ്ടായിരിക്കും. ഒന്നാം ഘട്ടത്തിൽ വനമേഖലകളിലെ വയലുകൾ, ചെക്ക് ഡാമുകൾ, കുളങ്ങൾ, പുൽമേടുകൾ തുറസ്സായ സ്ഥലങ്ങൾ എന്നിവയുടെ വിവരശേഖരണവും പുതുതായി ആവശ്യമുള്ള മേഖലൾ കണ്ടെത്തലുമാണ് ഉള്ളത്. സംസ്ഥാനത്തെ വനമേഖലകളിൽ സെക്ഷൻ/സ്റ്റേഷൻ തലത്തിൽ വിവരങ്ങൾ അടിയന്തരമായി ശേഖരിച്ച് മാപ്പ് ചെയ്യേണ്ടതുമായതിനാൽ റെയ്ഞ്ച് തലത്തിലും ഡിവിഷൻ തലത്തിലും ക്രോഡീകരിക്കും. 2025 ഫെബ്രുവരി 10ന് മുൻപ് നടപടികൾ പൂർത്തിയാക്കും. രണ്ടാം ഘട്ടം 2025 ഫെബ്രുവരി 11 മുതൽ ഏപ്രിൽ 30 വരെയാണ് നടക്കുന്നത്. നിർമ്മാണത്തിനും പരിപാലനത്തിനും വേണ്ട ഫണ്ടുകളും മാനവശേഷിയും പരിശോധിച്ച് പ്രവർത്തി നിർവ്വഹണം നടത്തുക, വേനലിൽ വറ്റിപ്പോകുന്ന അരുവികളിൽ അടിയന്തിരമായി ബ്രഷ് വുഡ് ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നിവയാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2025 മെയ് 1 മുതൽ മൂന്നാം ഘട്ടത്തിന് തുടക്കമാകും. ഫയർ സീസണു ശേഷം ചെയ്യേണ്ട പ്രവർത്തികളുടെ പ്ലാൻ തയ്യാറാക്കുക, വന മേഖലയിലെ അധിനിവേശ സസ്യങ്ങൾ പൂവിടുന്നതിനു മുമ്പായി വേരോടെ പിഴുത് കളഞ്ഞ് വനത്തിനകത്ത് തുറസ്സായ സ്ഥലങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് മൂന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങളെന്നും മന്ത്രി പറഞ്ഞു.

വനം വന്യജീവി സംഘർഷ ലഘൂകരണത്തിന് സാധ്യമായ എല്ലാ കാര്യങ്ങളും സംസ്ഥാന സർക്കാർ ചെയ്യുന്നുണ്ട്. വയനാട്ടിൽ നിലവിലെ സ്ഥിതി അവലോകനം ചെയ്യുന്നതിനായുള്ള യോഗം ചേർന്നു. നിലവിൽ വന്യജീവി സംഘർഷ സാധ്യതയുള്ളതായ 63 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ഡ്രോൺ അടക്കം ഉപയോഗിച്ചുള്ള പരിശോധന തുടരുന്നു. ഇതോടൊപ്പം കേരളവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിലെ വനമന്ത്രിമാരുമായി ചർച്ച നടത്തുന്നതിനായി ഇന്റർ സ്റ്റേറ്റ് മിനിസ്റ്റർ കൗൺസിൽ ചേരുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം പ്രദേശങ്ങളിൽ വർധിപ്പിച്ചു. വനത്തിനകത്ത് നടക്കുന്ന സംഭവങ്ങൾ അതാത് സമയം അറിയാൻ കഴിയുന്ന റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തും. പ്രൈമറി റെസ്പോൺസ് ടീം ഉടൻ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചു. ഈ മേഖലയിൽ ക്യാമറ സ്ഥാപിക്കുന്നതിന് ദുരന്തനിവാരണ അതോറിറ്റി 50 ലക്ഷം രൂപ അനുവദിച്ചതായും മന്ത്രി പറഞ്ഞു. യോഗത്തിനുശേഷം എഫ്.എഫ്.ഡബ്ല്യു മിഷന്റെ ലോഞ്ചിംഗ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ ജ്യോതി ലാലിന് എഫ്.എഫ്.ഡബ്ല്യു ലഘു പുസ്തകം നൽകി മന്ത്രി നിർവഹിച്ചു.



ഫിഷറീസ്, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസന്റെ യാത്രയയപ്പ് യോഗത്തിൽ മന്ത്രി വി എൻ വാസവൻ ഉപഹാരം സമ്മാനിക്കുന്നു

# റേഷൻ കാർഡുടമകൾ ഭക്ഷ്യധാന്യങ്ങൾ കൈപ്പറ്റണം : മന്ത്രി ജി.ആർ.അനിൽ

ജനുവരിയിലെ ഭക്ഷ്യധാന്യങ്ങൾ രണ്ടുദിവസത്തിനകം റേഷൻ കാർഡുടമകൾ കൈപ്പറ്റണമെന്ന് മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. ജനുവരിയിലെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻ കടകളിലുമുണ്ട്. റേഷൻകടകളിൽ സ്റ്റോക്ക് ഇല്ലെന്നും കടകൾ കാലിയാണെന്നുമുള്ള ചില മാധ്യമ വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് മന്ത്രി അറിയിച്ചു. ഈ മാസത്തെ റേഷൻ വിതരണത്തെ സംബന്ധിച്ച് ജില്ലാസപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും യോഗം ഭക്ഷ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്തു. ജനുവരിയിലെ റേഷൻ വിതരണത്തിന്റെ പുരോഗതി അവലോകനം ചെയ്തു.

റേഷൻ വിതരണത്തിന്റെ തോത് കഴിഞ്ഞ മാസത്തേക്കാൾ കുറവുള്ള ജില്ലകളിൽ വിതരണം വർധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപടി വിതരണത്തിന്റെ പ്രവർത്തനം വേഗത്തിലാക്കാൻ മന്ത്രി നിർദ്ദേശിച്ചു. വയനാട് ജില്ലയിൽ 81.57 ശതമാനവും മലപ്പുറത്ത് 80 ശതമാനവും കാസർഗോഡ് 77.7 ശതമാനവും പേർ ജനുവരിയിലെ റേഷൻ വിഹിതം കൈപ്പറ്റി. വാതിൽപടി വിതരണത്തിലെ കരാറുകാരുടെ സമരം പിൻവലിച്ചതിനാൽ തിങ്കളാഴ്ച മുതൽ എല്ലാ ജില്ലകളിലും വേഗത്തിൽ വിതരണം നടന്നുവരുന്നു. ഫെബ്രുവരിയിലെ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളാണ് ഇപ്പോൾ റേഷൻ കടകളിലേക്ക് വാതിൽപടിയായി എത്തിച്ചുകൊണ്ടിരിക്കുന്നത്. റേഷൻവ്യാപാരികളുടെ കടയടപ്പ് സമരം പിൻവലിച്ചിട്ടും സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളും തുറന്നു പ്രവർത്തിക്കുന്നില്ല എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വസ്തുത സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന റേഷനിംഗ് കൺട്രോളറെ ചുമതലപ്പെടുത്തിയതായും മന്ത്രി പറഞ്ഞു. മതിയായ കാരണങ്ങളില്ലാതെ ലൈസൻസിക്ക് റേഷൻകട അടച്ചിടുന്നതിന് അവകാശമില്ലെന്നും റേഷൻവിതരണം തടസ്സപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയും അച്ചടക്ക ലംഘനമായി കാണുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഡിസംബറിലെ കമ്മീഷൻ എല്ലാ വ്യാപാരികളുടെയും അക്കൗണ്ടുകളിലേക്ക് കൈമാറിയതായും മന്ത്രി അറിയിച്ചു.

# എഥനോൾ പ്ലാന്റിന് ഭൂഗർഭ ജലം എടുക്കില്ല : മന്ത്രി എം ബി രാജേഷ്

മന്ത്രിസഭ പ്രാരംഭ അനുമതി നൽകിയ പാലക്കാട് എലപ്പുള്ളിയിലെ എഥനോൾ പ്ലാന്റിനായി ഒരു തുള്ളി ഭൂഗർഭ ജലം പോലും എടുക്കില്ലെന്ന് എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ്. പ്ലാന്റിന് 0.05 ദശലക്ഷം ലിറ്റർ വെള്ളമാണ് തുടക്കത്തിൽ ആവശ്യമായി വരിക. പൂർണമായി പ്രവർത്തനം ആരംഭിക്കുന്നതോടെ 0.5 ദശലക്ഷം ലിറ്റർ വെള്ളം മതിയാകും. പാലക്കാട് നഗരത്തിന് ആവശ്യമായി വരുന്ന ആകെ വെള്ളത്തിന്റെ 1.1 ശതമാനം മാത്രമാണിത്. ഇതുകൂടാതെ പ്ലാന്റിൽ അഞ്ച് ഏക്കർ ഭൂമിയിൽ ജലസംഭരണി നിർമിക്കുമെന്ന കാര്യം പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.ജല അതോറിറ്റി കമ്പനിക്ക് ആവശ്യമായ വെള്ളം നിലവിലുള്ള പദ്ധതിക്ക് പുറത്തു നിന്നല്ല നൽകാമെന്ന് സമ്മതിച്ചിരിക്കുന്നത്. മലമ്പുഴയിൽ നിന്നും കിൻഫ്രയിലേക്ക് പ്രതിദിനം 10 ദശലക്ഷം ലിറ്റർ വെള്ളമെത്തിക്കുന്ന പദ്ധതി പുരോഗമിക്കുന്നുണ്ട്. ഈ ലൈനിൽ നിന്നാണ് ആവശ്യമായ ജലം ലഭ്യമാക്കുക.നിലവിൽ കേരളത്തിൽ കിൻഫ്രയുടേയും വ്യവസായ വകുപ്പിന്റേയും ഇൻഡസ്ട്രിയൽ പാർക്കുകളിലേക്ക് ജല അതോറിറ്റി വെള്ളം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് പാലക്കാട് കിൻഫ്രാ പാർക്കിലേക്ക് 10 എംഎൽഡി അനുവദിക്കാൻ 2015ൽ സർക്കാർ തീരുമാനിച്ചത്. ഇത് നിലവിലുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ വ്യവസായ ആവശ്യങ്ങൾക്കു വേണ്ടിയാണ്.

2022-23 ലേയും 2023-24 ലേയും മദ്യനയങ്ങളിൽ എക്സ്ട്രാന്യൂട്രൽ ആൽക്കഹോൾ സംസ്ഥാനത്ത് നിർമ്മിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നവംബർ 30, 2023 ലാണ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ഒയാസിസിന്റെ അപേക്ഷ ലഭിക്കുന്നത്. പത്തുഘട്ട പരിശോധനയ്ക്ക് ശേഷമാണ് മന്ത്രിസഭ പ്രാരംഭ അനുമതി നൽകിയത്. നാടിന് ആവശ്യമായ പദ്ധതിയിൽ നിന്നും സർക്കാർ പിൻമാറില്ലെന്നും മന്ത്രി പറഞ്ഞു.

## രണ്ടാംഘട്ട താത്കാലിക അലോട്ട്മെൻറ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലെയും സ്വാശ്രയ ഫാർമസി കോളേജുകളിലെയും 2024 വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാംഘട്ട താത്കാലിക അലോട്ട്മെൻറ് ലിസ്റ്റ് ംംം.രലല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ 'B.Pharm (LE)2024- Candidate Portal' എന്ന ലിങ്കിൽ നിന്നും പ്രൊവിഷണൽ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. താത്കാലിക അലോട്ട്മെന്റ് സംബന്ധിച്ച് സാധുവായ പരാതികൾ ഉള്ള പക്ഷം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന ജനുവരി 30ന് രാവിലം 11 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക

## സെർബിയൻ പ്രധാനമന്ത്രി മിലോസ് ഫുചേവിച്ച് രാജിവച്ചു

ബെൽഗ്രേഡ്: സെർബിയൻ പ്രധാനമന്ത്രി മിലോസ് ഫുചേവിച്ച് രാജിവച്ചു. രാജ്യവ്യാപകമായി നടന്ന പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിലാണ് മിലോസ് ഫുചേവിച്ച് രാജിവച്ചത്. കോൺക്രീറ്റുകൊണ്ടു നിർമിച്ച മേലാപ്പ് തകർന്നുവീണു 15 പേർ മരിച്ചതിശേഷം ഫുചേവിച്ചിനെതിരേ ആഴ്ചകളോളം നീണ്ട അഴിമതിവിരുദ്ധ പ്രക്ഷോഭം രാജ്യത്തുടനീളം പൊട്ടിപ്പുറപ്പെട്ടിരുന്നു. പ്രസിഡൻറ് അലക്സാണ്ടർ വുജിച്ചിന്റെ ഏകാധിപത്യ ഭരണത്തോടുള്ള വ്യാപകമായ എതിർപ്പ് അണപൊട്ടിയൊഴുകിയ സംഭവം കൂടിയായിരുന്നു ഇത്. ജനാധിപത്യ അവകാശങ്ങൾ പലതും കവരാൻ ശ്രമം നടത്തിയെന്ന ആരോപണങ്ങൾ പ്രസിഡൻറ് നേരിടുന്നുണ്ട്. സ്ഥിതിഗതികൾ തണുപ്പിക്കാൻ തന്റെ രാജി കാരണമാകട്ടെയെന്നു ഫുചേവിച്ച് മാധ്യമ സമ്മേളനത്തിൽ പറഞ്ഞു. നോവി സാഡ് നഗരത്തിലെ മേയറും രാജിവയ്ക്കും. രാജി പാർലമെൻറ് തെരഞ്ഞെടുപ്പ് നേരത്തേ ഉണ്ടാകാൻ കാരണമായേക്കും. സെർബിയൻ പാർലമെൻറ് രാജി സ്ഥിരീകരിക്കേണ്ടതുണ്ട്.

## തൊഴിലധിഷ്ഠിത പരിശീലനം: അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ചിൽ കുറഞ്ഞ നിരക്കിൽ എൻ.എസ്.ഡി.സി അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് എന്നിവയിലേക്ക് ഓൺലൈൻ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു ബാച്ചിൽ 25 പേർക്കാണ് പ്രവേശനം. പ്ലസ്ടു, ഡിഗ്രി കഴിഞ്ഞവർക്ക് പൈത്തൺ പ്രോഗ്രാമിങ്ങിലേക്കും ഡിഗ്രി കഴിഞ്ഞവർക്ക് ഡാറ്റാ സയൻസിലേക്കും അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 15, വിശദവിവരങ്ങൾക്ക് ഫോൺ: 9496015002, 9496015051. ൭

## രാജ്കോട്ടിൽ ഇന്ത്യയ്ക്ക് അടിതെറ്റി; ഇംഗ്ലണ്ടിന് 26 റൺസ് ജയം

രാജ്കോട്ട്: ഇംഗ്ലണ്ടിനെതിരായ മൂന്നാം ടി20യിൽ ഇന്ത്യക്ക് തോൽവി. രാജ്കോട്ട് നിരഞ്ജൻ ഷാ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 26 റൺസിനാണ് ഇംഗ്ലണ്ടിന്റെ ജയം. സ്കോർ: ഇംഗ്ലണ്ട് 179/9,ഇന്ത്യ 145/9.ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് ഒമ്പതു വിക്കറ്റ് നഷ്ടത്തിൽ 179 റൺസ് നേടി. ബെൻ ഡക്കറ്റ് (28 പന്തിൽ 51), ലിയാം ലിവിംഗ്സ്റ്റൺ (24 പന്തിൽ 43) എന്നിവർ മാത്രമാണ് ഇംഗ്ലണ്ടിന് വേണ്ടി തിളങ്ങിയത്. 172 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യക്ക് നിശ്ചിത ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 145 റൺസെടുക്കാനാണ് സാധിച്ചത്. 40 റൺസെടുത്ത ഹാർദിക് പാണ്ഡ്യയാണ് ടോപ് സ്കോറർ. ജാമി ഓവർ മൂന്ന് വിക്കറ്റെടുത്തു. ഇന്ത്യയ്ക്കായി വരുൺ ചക്രവർത്തി അഞ്ചുവിക്കറ്റ് നേടി. ജയത്തോടെ അഞ്ച് മത്സരങ്ങളുടെ പരമ്പര 2-1 എന്ന നിലയിലായി. വരുൺ ചക്രവർത്തിയെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

# ഉന്നത വിദ്യാഭ്യാസ മേഖലയിൽ രണ്ട് മികവിന്റെ കേന്ദ്രങ്ങൾ; ഉദ്ഘാടനം 30ന്

ഗവേഷണങ്ങളിൽ അന്താരാഷ്ട്രനിലവാരത്തോടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴി രണ്ട് മികവിന്റെ കേന്ദ്രങ്ങൾക്ക് ജനുവരി 30 ന് തുടക്കമാകുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു. കേരള നെറ്റ്വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷനും സെന്റർ ഓഫ് എക്സലൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗും ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആസ്ഥാനമായ ശാസ്ത്ര സാങ്കേതിക മ്യൂസിയം സമുച്ചയത്തിൽ 3 മണിക്ക് ഉദ്ഘാടനം ചെയ്യും.

രണ്ടു കേന്ദ്രങ്ങളുടെയും സെമിനാർ ഹാൾ അടക്കം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഇതോടെ നിലവിൽ വരും. ഈ മികവിന്റെ കേന്ദ്രങ്ങൾക്ക് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മേഖലാ കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കും. സംസ്ഥാനത്തെ കോളേജുകൾക്കും സർവ്വകലാശാല കേന്ദ്രങ്ങൾക്കും കൂടുതൽ ഗവേഷണ സൗകര്യങ്ങൾ ലഭ്യമാക്കാൻ 'കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ' മികവിന്റെ കേന്ദ്രത്തിന് മൂന്ന് റീജിയണൽ സെൻട്രലൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലാബുകൾ സ്ഥാപിക്കും. ഒരു മേഖലാ കേന്ദ്രം ഫെബ്രുവരി ആറിന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ഉദ്ഘാടനം ചെയ്യും.

കേരള സർവ്വകലാശാലാ പരിധിയിലെയും ഒപ്പം തന്നെ സംസ്ഥാനത്തെ ഗവേഷകർക്കാകെയും ഗവേഷണ പ്രവർത്തനങ്ങൾക്കു വേണ്ട സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്ന നിലയിലാകും മേഖലാ സെൻട്രലൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലാബുകളുടെ പ്രവർത്തനം. ഇതിനായി നിലവിൽ സർക്കാർ വനിതാ കോളേജിൽ സെൻട്രലൈസ്ഡ് കോമൺ ഫെസിലിറ്റിയുടെ ഭാഗമായ ആധുനിക ഗവേഷണ സൗകര്യങ്ങൾ റിസർച്ച് നെറ്റ്വർക്ക് സപ്പോർട്ട് സെന്ററുമായി ലിങ്ക് ചെയ്ത് സംസ്ഥാനത്തെ മുഴുവൻ ഗവേഷകർക്കും ഉപയോഗപ്രദമാക്കുന്ന രീതിയിൽ സജ്ജീകരിക്കും. സൗകര്യങ്ങൾ പരിപാലിക്കുന്നതിനുള്ള സഹായങ്ങൾ കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ വഴി നൽകും. ഈ മേഖലാ കേന്ദ്രത്തിന്റെ ധാരണാപത്രം ഉദ്ഘാടനച്ചടങ്ങിൽ ഒപ്പുവെയ്ക്കും. കണ്ണൂർ സർവ്വകലാശാലയുടെ പയ്യന്നൂർ ക്യാമ്പസിലാണ് മറ്റൊരു ഉപകേന്ദ്രം ആരംഭിക്കാൻ ധാരണയായിട്ടുള്ളത്.

സംസ്ഥാനത്തെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപകർക്കും ഗവേഷക വിദ്യാർത്ഥികൾക്കും നെറ്റ്വർക്കിംഗ്/ക്ലസ്റ്റർ മോഡ് വഴി ഒപ്റ്റിമൽ സ്റ്റേറ്റ് ലെവൽ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ നൽകുന്നതിനാണ് കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ മികവിന്റെ കേന്ദ്രം മുൻഗണന നൽകുക. ഈ നെറ്റ് വർക്കിൽ ചേരുന്ന സ്ഥാപനങ്ങളിലെ ഫാക്കൽറ്റി, ഗവേഷകർ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ എന്നിവരുടെ ഗവേഷണാവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള എല്ലാ കാര്യങ്ങളും പ്രൊഫഷണലായി കൈകാര്യം ചെയ്യും.

ഗവേഷണ സഹകരണം പ്രോത്സാഹിപ്പിക്കുക, ഗവേഷണ പശ്ചാത്തലസൗകര്യം വികസിപ്പിക്കുക, പേറ്റന്റ് നേടിയെടുക്കാൻ സഹായം നൽകുക, ഗവേഷണ-വ്യവസായ സംയോജനം സുഗമമാക്കുക, ഗവേഷകർക്ക് ഗവേഷണ ധനസഹായം നേടിയെടുക്കാൻ സഹായിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. സംസ്ഥാനത്തെ വിവിധ ഗവേഷണ സൗകര്യങ്ങളുടെ കേന്ദ്ര ശൃംഖല ഇതുവഴി സ്ഥാപിക്കും. മറ്റു അക്കാദമിക് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേശീയ ലബോറട്ടറികൾ, സ്റ്റാർട്ടപ്പുകൾ, നിർമ്മാണ, എഞ്ചിനീയറിംഗ് വ്യവസായങ്ങൾ, എസ്എംഇകൾ, ആർ & ഡി ലാബുകൾ/ഓർഗനൈസേഷൻ എന്നിവയുൾപ്പെടെ സ്ഥാപനങ്ങൾക്കു ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഈ കേന്ദ്രം നൽകും. സർക്കാർ ഗ്രാന്റ്, സിഎസ്ആർ സംഭാവന, വ്യവസായ പദ്ധതികൾ, ജീവകാരുണ്യ ഫണ്ടിംഗ് എന്നിവയിലൂടെ കോർപ്പസ് ഗവേഷണ ഫണ്ടുകൾ സമാഹരിക്കാനും കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ മുൻകൈയെടുക്കും.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി രൂപകല്പന, സിലബസ് തയ്യാറാക്കൽ, മൂല്യനിർണ്ണയ തന്ത്രങ്ങൾ, സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബോധന രീതികൾ തുടങ്ങിയവയിൽ അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകലിനും ഈ മേഖലയിൽ ഗവേഷണം നടത്തി ഏറ്റവും ആധുനികമായ അറിവുകൾ ഉൽപാദിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാവും സെന്റർ ഓഫ് എക്സലൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗ്. എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റർമാർക്കും വിദ്യാർത്ഥികൾക്കും നേതൃ പരിശീലനം നൽകുന്നതിനും കേന്ദ്രം ഉപയോഗിക്കും.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ആവിഷ്ക്കരിക്കുന്ന വിവിധ പദ്ധതികളെപ്പറ്റി ആവശ്യമായ ഗവേഷണം നടത്തുകവഴി ഈ മേഖലയിലെ നയനിർമ്മാതാക്കൾക്കും കേന്ദ്രം സഹായകമാവുമെന്ന് മന്ത്രി അറിയിച്ചു.

## ചരിത്രം കുറിച്ച് ഇസ്രോ; 100-ാം ബഹിരാകാശ വിക്ഷേപണം നടത്തി

ശ്രീഹരിക്കോട്ട: ബഹിരാകാശ രംഗത്ത് പുതു ചരിത്രമെഴുതി ഇസ്രോ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിന്റെ ചരിത്രത്തിലെ 100-ാം ബഹിരാകാശ വിക്ഷേപണം നടത്തി. ശ്രീഹരിക്കോട്ടയിലെ വിക്ഷേപണത്തറയിൽ നിന്ന് ഇന്ന് ഇന്ത്യൻ സമയം രാവിലെ 6.23ന് രണ്ടാം തലമുറ നാവിഗേഷൻ ഉപഗ്രഹമായ എൻവിഎസ്-2 സാറ്റ്ലൈറ്റുമായി ജിഎസ്എൽവി-എഫ്15 കുതിച്ചുയർന്നു. ജിഎസ്എൽവിയുടെ പതിനേഴാം ദൗത്യം കൂടിയാണിത്. അമേരിക്കയുടെ ജിപിഎസിന് ബദലായുള്ള ഇന്ത്യയുടെ സ്വന്തം നാവിഗേഷൻ സംവിധാനമായ നാവിക് ശൃംഖലയുടെ ഭാഗമാണ് എൻവിഎസ്-02 കൃത്രിമ ഉപഗ്രഹം. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഇസ്രോ)യുടെ ചരിത്രത്തിലെ നാഴികക്കല്ലാണ് ആന്ധ്രപ്രദേശിലെ ശ്രീഹരിക്കോട്ടയിൽനിന്നുള്ള നൂറാം വിക്ഷേപണം. ഇസ്രോ ചെയർമാനായി വി. നാരായണൻ ചുമതലയേറ്റതിനുശേഷം ആദ്യമായി നടന്ന വിക്ഷേപണമാണിത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

